"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിതശിശു വികസന വകുപ്പ്- 2026-27 സാമ്പത്തിക വർഷം കനൽ ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിന് ഭരണാനുമതി ഉത്തരവ് പുതുക്കി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതശിശു വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.185/2026/WCDD തീയതി,തിരുവനന്തപുരം, 13-05-2026

---

പരാമർശം:-
1. സ.ഉ.(സാധാ) നം.48/2026/ഡബ്ല്യുസിഡിഡി തീയതി.30/01/2026.
2. വനിതശിശു വികസന ഡയറക്ടറുടെ 23.04.2026-ലെ DWCD/3473/2025-WEC2-Part(1) നം. സർക്കാർ കത്ത്.

**<u>ഉത്തരവ്</u>**

വനിതാ ശിശു വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന കനൽ കർമ്മ പദ്ധതി വരും വർഷങ്ങളിലും പൂർവ്വാധികം ശക്തിയോടെ തുടരേണ്ടതിന്റെ ആവശ്യകത മുന്നിൽ കണ്ട് 'Youth as Change Agents' എന്ന ആശയം അടിസ്ഥാനമാക്കി സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും പരിശീലനം ലഭിച്ച റിസോഴ്സ് പേഴ്സൺ മുഖാന്തിരം NCC, NSS, കോളേജ് യൂണിയൻ, യുവജന കമ്മീഷൻ എന്നിവരുടെ സഹകരണത്തോടെ കനൽ ക്യാമ്പയിൻ revamp ചെയ്ത് തുടരുന്നതിനായി തീരുമാനിക്കുകയും, ടി പരിപാടി സംഘടിപ്പിക്കുന്നതിലേയ്ക്കായി 25,50,000/- രൂപ അനുവദിക്കുന്നതിനായി വനിതശിശു വികസന ഡയറക്ടർ ശിപാർശ സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കനൽ ക്യാമ്പയിൻ പരിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി 2025-26 സാമ്പത്തിക വർഷത്തെ 2235-02-103-68-03 (പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 14.5 കോടി രൂപയിൽ നിന്നും 25,50,000/- രൂപ (ഇരുപത്തിയഞ്ച് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) രൂപ വിനിയോഗിക്കുന്നതിന് ഭരണാനുമതി നല്കി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2. പ്രസ്തുത പരിപാടിയുടെ ആദ്യ പടിയായി മാസ്റ്റർ റിസോഴ്സ് പേഴ്സൺമാർക്ക് ആഗസ്റ്റ് 20, 21, 22 തീയതികളിൽ തൃശ്ശൂർ KILA യിൽ വച്ച് TOT നൽകുകയും ആയതിന് തുടർച്ചയായി TOT ലഭ്യമായ മാസ്റ്റർ ട്രെയിനേഴ്സ് ജില്ലാതലത്തിലെ റിസോഴ്സ് പേഴ്സൺമാർക്ക് ട്രെയിനിംഗ്

നൽകുകയും ചെയ്ത് വരുന്നു. ജില്ലാ തല റിസോഴ്സ് പേഴ്സൺമാരുടെ ട്രെയിനിംഗ് പൂർത്തിയാകുന്ന മുറയ്ക്ക് കോളേജുകളിൽ പരിപാടി സംഘടിപ്പിക്കുന്നതിനായി മോഡ്യൂളും തയ്യാറായിട്ടുണ്ട്. ടി പരിപാടി സംഘടിപ്പിച്ചതിനുള്ള ചെലവ് 2235-02-103-68-03(പ്ലാൻ) ശീർഷകത്തിൽ IEC പരിപാടികൾ സംഘടിപ്പിക്കുന്നതിന് വേണ്ടി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നുമാണ് കണ്ടെത്തിയതെന്നും ആകയാൽ പരാമർശം (1) പ്രകാരം അനുവദിച്ച തുകയിൽ നിന്നും തുക ചെലവായിട്ടില്ലെന്നും വനിതശിശു വികസന ഡയറക്ടർ അറിയിച്ചിരിക്കുന്നു. സംസ്ഥാനത്തെ 250 കോളേജുകളിൽ 3 ഘട്ടങ്ങളിലായി കനൽ ക്യാമ്പയിൻ പൂർത്തീകരിക്കുന്നതിനായി 2026 ജൂൺ മാസം തന്നെ കോളേജുകളിൽ പരിപാടികൾ സംഘടിപ്പിച്ചു തുടങ്ങേണ്ടതുണ്ട്. ആകയാൽ എല്ലാ ജില്ലകളിലേയും മാസ്റ്റർ ട്രയിനേഴ്സിന്റെ ട്രെയിനിംഗ് പൂർത്തീകരിച്ച് 2026 ജൂൺ മുതൽ കോളേജുകളിൽ കനൽ ക്യാമ്പയിനുമായി ബന്ധപ്പെട്ട പരിപാടികൾ സംഘടിപ്പിക്കുന്നതിനായുള്ള അനുമതിയും ആയതിലേയ്ക്കായി ചെലവ് വരുന്ന 25,50,000/-(ഇരുപത്തിയഞ്ച് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) രൂപ 2026-27 സാമ്പത്തിക വർഷത്തെ 2235-02-103-68-03(പ്ലാൻ) ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനുള്ള അനുമതി നൽകി പരാമർശം (1) പ്രകാരമുള്ള സർക്കാർ ഭരണാനുമതി റീവാലിഡേറ്റ് ചെയ്ത് ലഭ്യമാക്കണമെന്ന് വനിതശിശു വികസന ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കനൽ ക്യാമ്പയിനുമായി ബന്ധപ്പെട്ട പരിപാടികൾ സംഘടിപ്പിക്കുന്നതിലേയ്ക്കായി ചെലവ് വരുന്ന 25,50,000/-(ഇരുപത്തിയഞ്ച് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) രൂപ 2026-27 സാമ്പത്തിക വർഷത്തെ 2235-02-103-68-03(പ്ലാൻ) ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനുള്ള അനുമതി നൽകി പരാമർശം (1) പ്രകാരമുള്ള ഭരണാനുമതി ഉത്തരവ് പുതുക്കി നല്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

വനിതശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
Date: 13-05-2026 11:21:34

സെക്ഷൻ ഓഫീസർ